# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4135 03.02.2014 - ൽ മറുപടിയ്ക്ക്

## തൃശ്ശൂർ മെഡിക്കൽ കോളേജിൽ ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ ) മെഡിക്കൽ കോളേജിലെ ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചത് വഴി തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്ര ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക നിലവിൽ ഉണ്ടെന്ന് അറിയിക്കുമോ ; | (എ) രണ്ട് ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികകളാണ് ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ നിന്നും ഷിഫ്റ്റ് ചെയ്ത് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന് ലഭിച്ചത് |
| (ബി) ഈ തസ്തിക ഗസറ്റഡ് പദവിയിലുള്ളതാണോ എന്ന് അറിയിക്കുമോ; | (ബി) ആരോഗ്യവകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക ഗസറ്റഡ് പദവിയിലുള്ള-താണെങ്കിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക നോൺ ഗസറ്റഡ് ആണ്. |
| (സി) ഇല്ലെങ്കിൽ ഗസറ്റഡ് പദവി നൽകുന്നതിന് ഡി.എം.ഇ. എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) ഈ വിഷയം സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ